പത്താം പഞ്ചവത്സര പദ്ധതിയുടെ മൊത്തം അടങ്കൽ തുക

3 [1833] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പഞ്ചവത്സര പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയായിരുന്നു;

(ബി) പത്താം പദ്ധതിയുടെ ഭാഗമായുള്ള വർഷിക പദ്ധതികൾ ഓരോന്നിന്റേയും കണക്കാക്കപ്പെട്ട അടങ്കൽ എത്ര കോടി വീതമാണ്;

(സി) വാർഷിക പദ്ധതികൾ ഓരോന്നും നടപ്പിലാക്കുന്നതിന് അധിക വിഭവ സമാഹരണ ലക്ഷ്യം എത്ര കോടി വീതമായിരുന്നു;

(ഡി) യഥാർത്ഥത്തിൽ പത്താം പദ്ധതിയുടെ ഭാഗമായി ഇതിനകം നടപ്പാക്കിയ വാർഷിക പദ്ധതികൾ ഓരോന്നിനും ചെലവായ മൊത്തം തുക എത്ര കോടി രൂപ വീതമായിരുന്നു; അധിക വിഭവ സമാഹരണത്തിന് ലക്ഷ്യമിട്ട തുക ഓരോ വാർഷിക പദ്ധതിക്കും ലഭിക്കുകയുണ്ടായോ; യഥാർത്ഥത്തിൽ ലഭിച്ച മൊത്തം തുക സംബന്ധിച്ച് വിശദമാക്കുമോ;

(ഇ) വാർഷിക പദ്ധതിയുടെ ഇതുവരെയുള്ള നടത്തിപ്പിന്റെ അടിസ്ഥാനത്തിൽ പത്താം പദ്ധതിയുടെ പ്രവർത്തന നേട്ടം എത്ര ശതമാനമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പത്താം പഞ്ചവത്സര പദ്ധതിയുടെ മൊത്തം അടങ്കൽ 24000 കോടി രൂപയാണ്.

(ബി) പത്താം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായുള്ള വർഷിക പദ്ധതികൾ ഓരോന്നിന്റേയും അടങ്കൽ തുക താഴെ പറയും പ്രകാരമാണ്:

വർഷം	*അടങ്കൽ തുക (രൂപ കോടിയിൽ)*
2002-2003	4026.00
2003-2004	4430.25
2004-2005	4900.43
2005-2006	5369.81

(സി) വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് ഓരോ വാർഷിക പദ്ധതിയുടെയും അടങ്കൽ നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പത്താം പദ്ധതിയുടെ ഓരോ വാർഷിക പദ്ധതിക്കും വേണ്ടിവന്ന തുക താഴെ കൊടുക്കും പ്രകാരമാണ്:

വർഷം	പുതുക്കിയ അടങ്കൽ തുക	വിനിയോഗിച്ച തുക
	(രൂപ കോടിയിൽ)	
2002-2003	3425.00	3943.99
2003-2004	3796.23	3617.63
2004-2005	3913.57	3485.33*

*താൽക്കാലിക കണക്ക്

വിഭവ ലഭ്യത കണക്കിലെടുത്ത് പദ്ധതി അടങ്കലിൽ വെട്ടിക്കുറവ് വരുത്തേണ്ടതായിട്ടാണ് വന്നിട്ടുള്ളത്.

(ഇ) പത്താം പദ്ധതിയിൽ 2002-2003 മുതൽ 2004-2005 വരെ വിനിയോഗിച്ച തുക മൊത്തം അടങ്കലായ 24000 കോടി രൂപയുടെ 46 ശതമാനമാണ്.

ഭരണ നവീകരണ പരിപാടിയെ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ട്

4 [1834] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണ നവീകരണ പരിപാടി അനുസരിച്ച് നാളിതുവരെ എത്ര രൂപ വിനിയോഗിച്ചു; ഇതിൽ കൺസൾട്ടൻസി ഫീസായി എത്ര തുക വിനിയോഗിച്ചുവെന്നും ഏതൊക്കെ കൺസൾട്ടൻസിയാണെന്നും വ്യക്തമാക്കുമോ;

(ബി) എ. ഡി. ബി. പ്രതിനിധികൾ സംസ്ഥാന സന്ദർശനം നടത്തിയതിന്റെ ഭാഗമായുള്ള ചെലവുകൾക്കായി ഈ സർക്കാർ എന്തു തുക വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഭരണ നവീകരണ പരിപാടിയെ സംബന്ധിച്ച കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ടോ; പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2005 ജൂൺ അവസാനം വരെയുള്ള കണക്കനുസരിച്ച് ഭരണ നവീകരണ പരിപാടിയുടെ പൊതു ഉദ്യമങ്ങളുടെയും സേവന പ്രദാന പദ്ധതിയുടെയും നടത്തിപ്പിനായി 21,27,90,900 രൂപയുടെ പെയ്മെന്റ് ഉത്തരവ്/അഡ്വാൻസ്മെന്റ് വൗച്ചറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 22 വകുപ്പുകളിലെ അനേകം ഓഫീസുകൾ

LIBRARY ARCHIVES Kerala Legislative Assembly